LIBRARY ARCHIVES Kerala Legislative Assembly

നിലവിൽ വന്യജീവിമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നത് 8-1-2015-ലെ സ.ഉ.(കൈ) നം. 02/2015/വനം പ്രകാരമാണ്. പ്രസ്തുത ഉത്തരവ് പുതുക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ബി) പട്ടയം ലഭിക്കാത്ത കർഷകരുടെ കൈവശ ഭൂമിയിലെ കൃഷി നാശങ്ങൾക്കും നഷ്ടപരിഹാരം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

വന്യജീവികൾമൂലമുള്ള കൃഷിനാശങ്ങൾക്കാണ് വനം വകുപ്പിൽനിന്നും നഷ്ടപരിഹാരം അനുവദിച്ചുവരുന്നത്. പട്ടയമില്ലാത്ത കൃഷിഭൂമികളിൽ സാധാരണ നിലയിൽ നഷ്ടപരിഹാരം അനുവദിച്ചുവരുന്നില്ല.

കോരുത്തോട് അഞ്ചൂറ്റിനാലിലെ സോളാർ ഫെൻസിംഗ്

141(5588) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കോരുത്തോട് പഞ്ചായത്തിലെ അഞ്ചൂറ്റിനാല് പ്രദേശത്തെ കൃഷി ഭൂമിയിൽ സോളാർ ഫെൻസിംഗ് ഇല്ലാത്ത ഭാഗത്തുകൂടി വന്യജീവികൾ കടന്നുവന്ന് കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ അഞ്ചൂറ്റിനാല് മേഖലയിൽ 3.5 കി.മീ. ദൂരം സോളാർ ഫെൻസിംഗ് ഇല്ലാത്ത ഭാഗത്ത് ആന ഉൾപ്പെടെയുള്ള വന്യജീവികൾ കൃഷിഭൂമിയിൽ പ്രവേശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഭാഗത്ത് വനം വകുപ്പിന്റെ പട്രോളിംഗ് അഞ്ചൂറ്റിനാല് എന്ന സ്ഥലത്ത് സ്റ്റാഫിന്റെ ക്യാമ്പും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രദേശത്ത് ശേഷിക്കുന്ന ഭാഗത്തുകൂടി സോളാർ ഫെൻസിംഗ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അഞ്ചൂറ്റിനാല് പ്രദേശത്തോട് ചേർന്നുള്ള 116 മുതൽ ആനക്കല്ല് വരെയുള്ള ഭാഗങ്ങളിൽ സൗരോർജ്ജവേലി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കുന്നതാണ്.

ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും

142(5589) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ സംരക്ഷണപരിപാലന പ്രവർത്തനങ്ങൾക്കും മലിനീകരണം തടഞ്ഞ് ഗുണനിലവാരം ഉറപ്പുവരുത്താനും എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?